# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

### ഓരോ കുട്ടിയും മികവിലേക്ക്



**ഗവ. മുസ്ലിം എൽ.പി.എസ്-പുന്നപ്ര**

**ആലപ്പുഴ**

Govt. MUSLIM L.P. SCHOOL
PUNNAPRA

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘു ചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധഘട്ടങ്ങൾ

6. നിലവിലെ അവസ്ഥ വിശകലനവും വികസന ലക്ഷ്യങ്ങളും

7. പ്രശ്നങ്ങളും വെല്ലുവിളികളും

8. വിഷയമേഖല പ്രവർത്തനങ്ങൾ

9. പ്രതീക്ഷിത നേട്ടങ്ങൾ

10 മോണിറ്ററിംഗ്

11. ഉപസംഹാരം

# അനുബന്ധം

1) വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ
2) കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ
3) അധ്യാപകരുടെ വിവരങ്ങൾ
4) വിദ്യാലയ ഭൗതിക അന്തരീക്ഷം-ഒറ്റനോട്ടത്തിൽ
5) ഐ.ടി. അനുബന്ധ സാമഗ്രികളുടെ വിവരങ്ങൾ
6) മറ്റ് അനുബന്ധസംവിധാനങ്ങൾ

# വിദ്യാലയം-അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | ഗവ.മുസ്ലിംഎൽ.പി.എസ് പുന്നപ്ര. |
| 2. വിലാസം | : | പുന്നപ്ര.പി.ഒ,പുന്നപ്ര, ആലപ്പുഴ-688004 |
| ഫോൺ | : | 0477 2080160 |
| മൊബൈൽ | : | 9446925937 |
| 3. സ്കൂൾ കോഡ് | : | 35209 |
| 4. വിദ്യാഭ്യാസ ഉപജില്ല | : | ആലപ്പുഴ |
| 5. വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| 6. റവന്യൂ ജില്ല | : | ആലപ്പുഴ |
| 7. ബി.ആർ.സി | : | ആലപ്പുഴ |
| 8. സി.ആർ.സി | : | JB S പുന്നപ്ര |
| 9. ഗ്രാമപഞ്ചായത്ത് | : | പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, വാർ |
| 10. ബ്ലോക്ക് പഞ്ചായത്ത് | : | അമ്പലപ്പുഴ |
| 11. ജില്ലാപഞ്ചായത്ത് | : | ആലപ്പുഴ |
| 12. നിയമസഭാ മണ്ഡലം - | : | ആലപ്പുഴ |
| 13. ലോകസഭാ മണ്ഡലം | : | ആലപ്പുഴ |
| 14. താലൂക്ക് | : | അമ്പലപ്പുഴ |
| 15. വില്ലേജ് | : | പുന്നപ്ര |
| 16.ഇ.മെയിൽ | : | 35209gmlps@gmail.com |

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-18 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണവും ഈ മാറ്റങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കുക എന്നത്. ഇതിന്റെ ഭാഗമായി 06/01/2018 ൽ സ.ഉ(സാധാ).നം.100/2018/പൊ.വി.വ പ്രകാരം അക്കാദമിക മാസ്റ്റർ പ്ലാൻ സംബന്ധിച്ച പൊതുമാർഗ്ഗരേഖ ഉത്തരവായി എല്ലാ വിദ്യാലയങ്ങളിലും എത്തിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി മുഴുവൻ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായി. തുടർ വർഷങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളുകൾ വികസിപ്പിക്കുകയുണ്ടായി. 10/10/2023-ൽ പ്രൈമറിക്ലാസ്സുകളിലെ വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കുന്നതിനായി സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ നിർവഹണം സംബന്ധിച്ച് സ.ഉ.(സാധാ)നം.153/2023/പൊവിവ പ്രകാരം ഉത്തരവിറക്കിയിരുന്നു. ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്രവികാസവും ഉറപ്പാക്കുന്നതിന്, അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും, അക്കാദമിക ലക്ഷ്യങ്ങളും, വിഭവവിനിയോഗവും, പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്നു. എന്നാൽ, ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. അതിനാലാണ് ക്ലാസ്സ്തല മാസ്റ്റർപ്ലാനുകൾക്കും വ്യക്തിഗത മാസ്റ്റർപ്ലാനുകൾക്കും അതിയായ പ്രാധാന്യമുള്ളത്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗവൈഭവങ്ങളുടെ പരിപോഷണമാണെന്നും വിദ്യാഭ്യാസ മേഖലയ്ക്ക് നഷ്ടപ്പെട്ട ജനാധിപത്യ, മതേതര മൂല്യങ്ങളുടെ പുനസ്ഥാപനം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുവാനും അക്കാദമികവും ഭൗതികവുമായ ഔന്നത്യത്തിലേക്ക് പൊതുവിദ്യാലയങ്ങളെ ഉയർത്തുവാനും വിഭാവനം ചെയ്തിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഗവൺമെന്റ് തലത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

പുന്നപ്ര-വയലാർ രക്തസാക്ഷികളുടെ ത്യാഗപൂർണ്ണമായ ചരിത്രം പറയുന്ന പുന്നപ്രയുടെ തിലകക്കുറിയായി ശോഭിക്കുന്ന ഗവൺമെന്റ് മുസ്ലിം എൽ.പി. എസിന്റെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ വികസന സംരംഭങ്ങളുടെ മാഗ്നാകാർട്ടയാണിത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (എൻ.സി.എഫ്-2005) ചുവടുപിടിച്ച് പ്രൊവിഷൻ, പാർട്ടിസിപ്പേഷൻ, പ്രൊട്ടക്ഷൻ എന്നീ മൂന്ന് തത്വങ്ങളും നമ്മുടെ വിദ്യാലയപ്രവർത്തനങ്ങളുടെ അന്തർധാരയായി വർത്തിക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ജീവരക്ഷയ്ക്കും ലൈംഗികാതിക്രമത്തിൽനിന്നുള്ള സുരക്ഷയ്ക്കും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വിദ്യാലയം മാതൃകയാകുന്നു. Equality in Quality (ഗുണതയിൽ തുല്യത) ഉറപ്പുവരുത്തുന്നു.

വിദ്യാഭ്യാസ അവകാശ നിയമം 2008 അനുസരിച്ച് (സെക്ഷൻ 29, അദ്ധ്യായം 5) പ്രകാരമുള്ള പാഠ്യപദ്ധതിയും വിലയിരുത്തൽ നടപടിക്രമവും പാലിക്കുന്നു. കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ചയിലൂന്നി അറിവും കഴിവും വർദ്ധിപ്പിച്ച് ശാരീരികവും മാനസികവുമായ കഴിവുകളുടെ സമ്പൂർണ്ണ വികാസം നേടി ശിശു സൗഹൃദ അന്തരീക്ഷത്തിൽ പഠനപ്രവർത്തനം നടത്തി അറിവ് ഗ്രഹിക്കുന്നതിനും അത് പ്രയോഗിക്കുന്നതിനുമുള്ള കുട്ടിയുടെ കഴിവിന്റെ സമഗ്രവും നിരന്തരവുമായി വിലയിരുത്തൽ നടക്കുമ്പോൾ ഭയം, മാനസിക പിരിമുറുക്കം, ഉത്കണ്ഠ എന്നിവയിൽനിന്ന് കുട്ടിയെ വിമുക്തമാക്കി സ്വതന്ത്രമായ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് കുട്ടിയെ സഹായിക്കുന്ന അന്തരീക്ഷം സംജാതമാക്കുന്നു.

പഠന തടസ്സങ്ങൾ പരിഹരിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും ഗവേഷണാത്മകമായി ഇടപെടാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുന്ന രീതിശാസ്ത്രം നടപ്പിലാക്കുന്നു. വിദ്യാലയം സ്വയം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന ''ശാലാസിദ്ധി'' പരിപാടിയുമായി കണ്ണിചേർത്ത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി വിദ്യാലയ [illegible] പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ഊർജ്ജം പകരുന്നതിനും സഹായകമായ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമാണ്

ഭാഷാവിഷയങ്ങൾ ശാസ്ത്രം, ഗണിതം, സാമൂഹികശാസ്ത്രം, കലാവിദ്യാഭ്യാസം, പ്രവർത്തിപരിചയം, കായിക വിദ്യാഭ്യാസം, പെൺകുട്ടികളുടെ വിദ്യാഭ്യാസം, വിദ്യാലയം ഏറ്റെടുക്കുന്ന നൂതനമായ പ്രവർത്തനങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു നൽകുന്ന പിന്തുണാ സംവിധാനങ്ങൾ, എസ്.എം.സി./പി.റ്റി.എ എന്നിവയുടെ മാതൃകാപരമായ ഇടപെടലുകൾ, ദിനാചരണവും അക്കാദമിക നിലവാരവും, ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗം, പഠനസാമഗ്രികളുടെ വികാസം, നിരന്തര വിലയിരുത്തൽ, സമൂഹ പങ്കാളിത്തം, ഗവേഷണാത്മക അധ്യാപനം, സി.ആർ.സിയിലെ പ്രവർത്തനങ്ങൾ, ബി.ആർ.സിയുടെ തനത് പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ തുടങ്ങിയ കാര്യങ്ങൾ അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമാണ്.

വിദ്യാഭ്യാസ പ്രവർത്തനം, പ്രതിഭകളെ ആദരിക്കൽ, മികച്ച വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളും അക്കാദമിക അനുഭവ മാതൃകകളും പങ്കുവയ്ക്കൽ, വിദ്യാഭ്യാസ സെമിനാർ, മികവുകളുടെ അവതരണം, സ്കൂൾ ബാലോത്സവം, പഞ്ചായത്തുതല മികവുത്സവം, ജില്ലാതല മികവുത്സവം, സംസ്ഥാനതല മികവുത്സവം തുടങ്ങിയവയിലെ പങ്കാളിത്തം എന്നിവയും സമഗ്ര വിദ്യാലയ വികസന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടക്കേണ്ടതുണ്ട്.

വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസ്സിലും ഓരോ കുട്ടിക്കും കരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, മാനവിക മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്ന പദ്ധതികൾ ഉൾച്ചേർക്കുവാൻ കഴിയണം. ഇതിന്റെ ഭാഗമായി ലാബ്, ലൈബ്രറികൾ ശാക്തീകരിക്കൽ, കമ്പ്യൂട്ടർ ലാബ് വികസനം, ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങളുടെ വികസനം, ക്ലബ് പ്രവർത്തനങ്ങൾ, ആഘോഷങ്ങൾ, ചരിത്രാന്വേഷണം, പ്രാദേശിക വിഭവ ഭൂപടം രൂപീകരിക്കൽ, നിർമ്മാണ പ്രവർത്തനങ്ങൾ, സ്വാശ്രയശീലം വളർത്തൽ, ലഹരി വിമുക്ത ക്യാമ്പസ്, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ, വ്യക്തി പരിസര ശുചിത്വം, സേവന പ്രവർത്തനങ്ങൽ പാലിയേറ്റീവ് കെയർ, ആശ്രിതർക്കൊരു കൈത്താങ്ങ്, ''കുട്ടികൾ ഇഷ്ടപ്പെടുന്ന സ്കൂളിടങ്ങൾ'' പ്രയാഗികമാക്കൽ, ടാലന്റ് ലാബ്, സർഗ്ഗച്ചുമരുകൾ, കലാ-കായിക-സാഹിത്യ അഭിരുചികൾ പോഷിപ്പിക്കൽ, ശാരീരിക-മാനസിക ആരോഗ്യ കൗൺസിലുകൾ, ഭിന്നശേഷിതല പ്രവർത്തനങ്ങൾ, സ്ത്രീ ശാക്തീകരണം, സ്ത്രീ സുരക്ഷ, പുതിയ വെല്ലുവിളികൾ മറികടക്കുന്നതിനുള്ള അദ്ധ്യാപക ശാക്തീകരണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

പദ്ധതി രൂപീകരണ പ്രക്രിയ സമയബന്ധിതമായി നടപ്പാക്കി മുഖ്യ ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും തീരുമാനിച്ച് വിഷയമേഖലാ പ്രവർത്തനങ്ങളുടെ സമയക്രമവും പദ്ധതി ആസൂത്രണ നിർവ്വഹണ സമയക്രമവും ഉൾപ്പെടുന്ന പൂർണ്ണതയുള്ള ഒരു വിദ്യാഭ്യാസ മാർഗ്ഗരേഖയാണ് സമഗ്ര വിദ്യാഭ്യാസ മാസ്റ്റർ പ്ലാൻ.

# ലക്ഷ്യങ്ങൾ

1. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയത്തിലൂന്നിയാണ് വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകുന്നത്.
2. കുട്ടിയുടെ കഴിവ് കേവലം വിഷയത്തിലൊതുക്കാതെ സർഗ്ഗപരമായി എല്ലാകഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലഭ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തും.
3. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കും.
4. ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപനം ഉറപ്പാകത്തക്ക രീതിയിൽ കാര്യക്ഷമമായ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തും.
5. പാഠ്യേതര മികവ് ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്ക്കാരിക സൗകര്യങ്ങൾ ഒരുക്കും.
6. കാർഷിക സംസ്ക്കാരവും മാലിന്യനിർമാർജ്ജനവും ഒരു സംസ്ക്കാരമായി രൂപപ്പെടുത്തും.
7. ലഹരിവിമുക്തമായ പുതു തലമുറയെ സൃഷ്ടിക്കും.
8. കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കും.
9. വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കും.
10. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കല്ലള, ഇണടച കുട്ടികൾ ഉൾപ്പെടെ പ്രത്യേക പരിഗണനകൾ നൽകി പ്രത്യേകധാരയിലെത്തിക്കും.
11. സ്കൂൾ വായനശാലകളും ലാബോട്ടറികളും ആധുനികവൽകരിക്കും.
12. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കും.
13. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കും.
14. പാഠ്യപദ്ധതിയെ ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയബന്ധിതവുമാക്കി കാലോചിതമായി പരിഷ്കരിച്ചതിന്റെ

ഭാഗമായി അറിവിനെ നിർമ്മിക്കുന്ന പ്രക്രിയ ക്ലാസ്മുറികളിൽ നടക്കും.

15. ബോധന ശാസ്ത്രം, പഠനമനശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രായോഗിക അനുഭവങ്ങളും കുറേക്കൂടി മെച്ചമെട്ട രീതിയിൽ പഠനസാമഗ്രിഹികളുടെ നിർമ്മാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കും.

16. എല്ലാ വിഭാഗം വരുന്ന വിദ്യാർത്ഥികളുടെ പഠനപുരോഗതി നാം ലക്ഷ്യം വെയ്ക്കുന്നു. വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ള വ്യത്യസ്തമായ ശാരീരികവും, മാനസികവും, ബൗദ്ധികവുമായ കഴിവുകൾ ഉള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും സ്കൂളുകളിൽ വിജയം കൈവരിക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തണം. ലിംഗം, ജാതി, ഭാഷ, സംസ്ക്കാരം, മതം, അംഗവൈകല്യങ്ങൾ മുതലായവയിൽ നിന്നും ഉടലെടുക്കുന്ന പരിമിതികൾ മറികടക്കാൻ നയങ്ങളും പദ്ധതികളും മാത്രം പോരാ ശൈശവഘട്ടം മുതൽ തന്നെ യോജ്യമായ പഠന ലക്ഷ്യങ്ങളും അദ്ധ്യാപന രീതികളും തെരഞ്ഞെടുക്കുകയും രൂപകൽപ്പനചെയ്യുകയും വേണ്ടതാണ് (എൻ.സി.എഫ്.-2005 പുറം പേജ്-27).

17. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറികഴിഞ്ഞു. അവകാശാധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾ വികസന പദ്ധതിയാണ് നടപ്പാക്കുന്നത്.

18. അന്തർദേശീയ നിലവാരം എന്നത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ നിലവാരമല്ല ഒരു പ്രത്യേകഘട്ടം പിന്നിടുന്ന കുട്ടി ലോകത്ത് എവിടെയാണെങ്കിലും ആർജ്ജിക്കേണ്ട അറിവുകളുടെയും അനുഭവങ്ങളുടെയും ആകെ തുകയാണ്.

19. ആഗോളതലത്തിൽ അവതരിപ്പിക്കപ്പെട്ട മികച്ച പഠന ബോധന മാതൃകകൾ കേരളത്തിലെ കുട്ടികൾക്ക് ലഭ്യമാക്കാനുള്ള അവസരം ഉണ്ടാകണം.

20. വിദ്യാഭ്യാസ അവകാശനിയമത്തിലെ പാഠ്യപദ്ധതി വിലയിരുത്തൽ എന്നിവയുമായി ബന്ധപ്പെട്ട നിയമ്മങ്ങളും പാലിക്കേണ്ടതുണ്ട്.

21. പഠനനേട്ടങ്ങളിൽ അധിഷ്ഠിതമായ സമഗ്രവും നിരന്തരവുമായ വിലയിരുത്തലുകൾ ഉറപ്പുവരുത്തുന്നതായിക്കും.

22. ആരോഗ്യകായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം പ്രവർത്തിപരിചയം എന്നിവ നിർബന്ധിത പാഠ്യവിഷയങ്ങളായി പരിഗണിക്കുന്നു.

23. അദ്ധ്യാപകനെ ഒരു സഹരക്ഷകർത്താവിന്റെ (മെന്റർ) തലത്തിലേക്ക് ഉയർത്തി കുട്ടിക്ക് സ്കൂളിനകത്തും ക്ലാസ്മുറിയിലും വേണ്ടുന്ന കരുതലും തണലും അനുഭവിക്കാൻ അവസരമൊരുക്കുന്നു.

24. അദ്ധ്യാപകർ പാലിക്കേണ്ട ധാർമ്മിക നിയമ സംഹിതക്ക് ഊന്നൽ നൽകുന്നു.

25. അവസര തുല്യതയും സമത്വവും ലഭിക്കുന്ന വിദ്യാഭ്യാസത്തിന് അനുസൃതമായതായിരിക്കും.

26. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

27. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

28. എൽ.കെ.ജി മുതൽ നാലാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

29. അദ്ധ്യാപനവും അദ്ധ്യായനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

30. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈ മാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# വിദ്യാലയ ചരിത്രം

ലോക ചരിത്ര ഏടുകളിൽ തങ്കലിപികളാൽ എഴുതപ്പെട്ടതും ചരിത്ര സ്മരണ ഉറങ്ങുന്നതും, മതസൗഹാർദ്ദത്തിന് മാതൃകയുമായ പ്രദേശമാണ് നമ്മുടെ പുന്നപ്ര. പൂക്കൈതയാറിനും അറബിക്കടലിനും മദ്ധ്യേ, കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ഒഴുകി തീരുന്നതുമായ പൂർണ്ണാനദി പുനരർപ്പണം ചെയ്ത് ഉണ്ടായ സ്ഥലമാണ് പുന്നപ്രയെന്ന് പഴമക്കാർ പറയുന്നു. ചരിത്രത്തിൽ വീര ഭൂമിയായി അറിയപ്പെടുന്ന പുന്നപ്രയിൽ ഏകദേശം 125 വർഷങ്ങൾക്ക് മുൻപ് തിരുവിതാംകൂർ രാജഭരണകാലത്ത് പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി **"പെൺപള്ളിക്കൂടം"** എന്ന പേരിൽ പുന്നപ്ര കളിത്തട്ടിന് തെക്കുവശത്തുള്ള സേറിന്റെ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി.രാമസ്വാമി അയ്യരുടെ ഭരണകാലത്ത് വിദ്യാലയം പ്രവർത്തിച്ചിരുന്ന കെട്ടിടം പട്ടാളക്യാമ്പും പോലീസ് സ്റ്റേഷനുമായി മാറുകയും തൻമൂലം വിദ്യാലയത്തിന്റെ പ്രവർത്തനം നിന്നുപോകുകയും ചെയ്തു. പിന്നീട് ഈ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തേക്ക് മാറ്റുകയും അതിനായുള്ള സ്ഥലം പുന്നപ്ര കരഞ്ചീരയിൽ തറവാട്ടിലെ വേലുപിള്ള, നാരായണപിള്ള എന്നിവരുടെ അധീനതയിൽ ഉള്ള സ്ഥലത്തുനിന്നും ആവശ്യമായ സ്ഥലം വിട്ടുനൽകുകയും ചെയ്തിട്ടുള്ളതാകുന്നു. ഈ വിദ്യാലയം ആദ്യം **കരിഞ്ചീരയിൽ പെൺപള്ളിക്കൂടം** എന്നാണ് അറിയപ്പെട്ടിരുന്നത്.

പുന്നപ്രയിലെ മതസൗഹാർദ്ദത്തിന്റെ പ്രതീകമായ പള്ളുരുത്തിപള്ളിയും ഈ വിദ്യാലയത്തിന്റെ പരിസരത്താണ് സ്ഥിതിചെയ്യുന്നത്. നാളിതുവരെയായി ഈ ആരാധനാലയത്തിന്റെ ഭാരവാഹികൾ വിദ്യാലയത്തിന്റെ പുരോഗതിക്കായി പ്രവർത്തിച്ചുവരുന്നു.

സാമ്പത്തികമായും, വിദ്യാഭ്യാസപരവുമായി പിന്നോക്കാവസ്ഥയിലായിരുന്ന നമ്മുടെ ഈ പ്രദേശത്തിലെ പെൺകുട്ടികൾ വിദ്യാലയത്തിൽ പോയി പഠിക്കാതിരുന്ന കാലത്ത് ജാതിമത ഭേദമന്യേ എല്ലാ മത വിഭാഗങ്ങളിലെയും പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ ഈ വിദ്യാലയത്തിന് സാധിച്ചു. പെൺകുട്ടികൾ വിദ്യാലയത്തിൽ വന്ന് പഠിക്കാൻ വിസമ്മതിച്ചിരുന്ന ഈ കാലത്ത് ഈ വിദ്യാലയം സന്ദർശിച്ച കേരള സംസ്ഥാന നിയമസഭാ സാമാജികനും ഹൗസ് കമ്മറ്റി ചെയർമാനുമായിരുന്ന ബഹു.കെ.അവുഖാദർകുട്ടി

നഹ ഈ പ്രദേശത്തെ നല്ലവരായ കരപ്രമാണിമാരുമായി ചർച്ച നടത്തുകയും മുസ്‌ലിം പെൺകുട്ടികളെ കൂടുതലായി വിദ്യാലയത്തിൽ കൊണ്ടുവരാനായി തീരുമാനിക്കുകയും, വിദ്യാലയത്തിന് കൂടുതൽ സാമ്പത്തിക സഹായം ഗവൺമെന്റിൽനിന്ന് നേടിയെടുക്കുവാനും വേണ്ടി നിലവിലുള്ള വിദ്യാലയത്തിന്റെ പേർ ഗവ.മുസ്‌ലിം.ജി.എൽ.പി.എസ്. എന്ന് നാമകരണം ചെയ്യുകയും ചെയ്തു. അന്നുമുതൽ ഈ വിദ്യാലയം ഗവ.മുസ്‌ലിം ജി.എൽ.പി.എസ് എന്നാണ് അറിയപ്പെടുന്നത്. ഈ വിദ്യാലയം പെൺകുട്ടികൾക്ക് മാത്രമായിട്ടാണ് തുടങ്ങിയതെങ്കിലും ആൺകുട്ടികളേയും ഈ വിദ്യാലയത്തിൽ ആദ്യകാലം മുതൽ പഠിപ്പിച്ചിരുന്നു.

ഈ വിദ്യാലയത്തിന്റെ പ്രവർത്തനാരംഭം ഓലമേഞ്ഞ ക്ലാസ്മുറികളിലായിരുന്നു. ഇപ്പോൾ കിഴക്കുവശത്ത് പടിഞ്ഞാറ് ദർശനമായി തെക്കുവടക്ക് സ്ഥിതി ചെയ്യുന്ന ഓടുമേഞ്ഞ കെട്ടിടം 1958-59 കാലയളവിൽ 10,000 രൂപയ്ക്ക് കോൺട്രാക്ടർ ഭാസ്കരൻ നായർക്ക് ഉടമ്പടി കൊടുക്കുകയും അതിനോടൊപ്പം ഈ പ്രദേശത്തെ നല്ലവരായ വ്യക്തികളുടെ നിസ്വാർത്ഥ സേവനവും ഉണ്ടായിട്ടുണ്ട്.

പുന്നപ്രയിലെയും പരിസരപ്രദേശങ്ങളിലെയും ഒട്ടനവധി പ്രശസ്ത വ്യക്തികൾ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്. പദ്മഭൂഷൻ, രാഷ്ട്രപതി അവാർഡുകൾ മുതൽ ഒട്ടനവധി മറ്റ് അവാർഡുകൾ നേടിയ ധാരാളം പ്രഗത്ഭ വ്യക്തിത്വങ്ങൾ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്.

ആലപ്പുഴ വിദ്യാഭ്യാസ ഉപജില്ലയുടെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം പുന്നപ്രയുടെ സാമൂഹ്യ-സാംസ്കാരിക വിദ്യാഭ്യാസ ചരിത്രത്തിലെ ഏറെ പ്രാധാന്യം അർഹിക്കുന്ന സരസ്വതിക്ഷേത്രമാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

- അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയത്തിലൂന്നിയാണ് വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകുന്നത്.
- കുട്ടിയുടെ കഴിവ് കേവലം വിഷയത്തിലൊതുക്കാതെ സർഗ്ഗപരമായി എല്ലാകഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലഭ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തും.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കും.
- ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപനം ഉറപ്പാകത്തക്ക രീതിയിൽ കാര്യക്ഷമമായ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തും.
- പാഠ്യേതര മികവ് ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്ക്കാരിക സൗകര്യങ്ങൾ ഒരുക്കും.
- കാർഷിക സംസ്ക്കാരവും മാലിന്യനിർമാർജ്ജനവും ഒരു സംസ്ക്കാരമായി രൂപപ്പെടുത്തും.
- ലഹരിവിമുക്തമായ പുതു തലമുറയെ സൃഷ്ടിക്കും.
- കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കും.
- വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് (IED,CWSN)കുട്ടികൾ ഉൾപ്പെടെ പ്രത്യേക പരിഗണനകൾ നൽകി പ്രത്യേകധാരയിലെത്തിക്കും.
- സ്കൂൾ വായനശാലകളും ലാബോറട്ടറികളും ആധുനികവൽകരിക്കും.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കും.
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കും.
- പാഠ്യപദ്ധതിയെ ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയബന്ധിതവുമാക്കി കാലോചിതമായി പരിഷ്കരിച്ചതിന്റെ ഭാഗമായി അറിവിനെ നിർമ്മിക്കുന്ന പ്രക്രിയ ക്ലാസ്മുറികളിൽ നടക്കും.
- ബോധന ശാസ്ത്രം, പഠനമനശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രായോഗിക അനുഭവങ്ങളും കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളുടെ നിർമ്മാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കും.
- അടുത്ത അഞ്ചു വർഷത്തിനുള്ളിൽ സ്കൂളിന്റെ പൂർവ്വകാല സ്മരണകൾ ഉണർത്തുന്നതരത്തിൽ വിദ്യാർത്ഥികളുടെ വർദ്ധനയാണ് ആഗ്രഹിക്കുന്നത് . ഇതിലൂടെ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലും അക്കാദമിക

തലത്തിലും കലാകായിക മേഖലയിലും സമഗ്രമായ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ വാർത്തെടുക്കുന്ന പ്രദേശത്തെ ഏറ്റവും മികച്ച വിദ്യാലയമാക്കുക എന്നതാണ് ആത്യന്തികമായി ഞങ്ങൾ ലക്ഷ്യം വെക്കുന്നത്.

- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
- "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാൽക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയുക.
- പാഠ-പാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയന്തരീക്ഷം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി. യോഗത്തിൽ.ഗവ: മുസ്ലീം എൽ.പി.സ്കൂൾ - വിഷൻ 2030 എന്ന വികസന കാഴ്ചാപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- വികസനാവശ്യങ്ങൾ ക്ലാസ്സ് /വിഷയം അടിസ്ഥാനത്തിൽ ഭൗതികം- അക്കാദമികം -സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ SRG,SMC,MPTA,OSA,SDC, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പ ശാലയിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദശങ്ങൾ കൂട്ടിച്ചേർക്കൽ.
- പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

# അവസ്ഥാവിശകലനം

- **അക്കാദമികം**

സ്കൂളിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആഴ്ചയിൽ ഒരിക്കൽ SRGകൂടുന്നു. ക്ലാസ്സ് റൂമിലെ നിരന്തരവിലയിരുത്തൽ നടത്തുകയും പരിഹാര ബോധനരീതികൾ ചർച്ചചെയ്ത് തീരുമാനിക്കുകയും ചെയ്യുന്നു. കലാ കായികപ്രവൃത്തി പരിചയമേളകളിൽ സ്കൂളിലെ വിദ്യാർത്ഥികളെ കണ്ടെത്തുകയും പരിശീലനം നൽകുകയും ചെയ്യുന്നു. എൽ.എസ്.എസ്. പരീശീലനം, ടാലന്റ് എക്സാംപരിശീലനം ദേശീയ ആഘോഷങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന പരിപാടികൾ, അധ്യാപക ശാക്തീകരണ പരിപാടികൾ എന്നിവയിലൂടെ ഒന്നു മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾ കൂടുതൽ മെച്ചപ്പെട്ടിട്ടുണ്ട്. ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും മാഗസിനുകൾ തയ്യാറാക്കുന്നു.

- **വിദ്യാലയപൊതുവിശകലനം**

2014-15 വർഷത്തിൽ വളരെ വേഗതയാർന്ന പുരോഗതിയാണ് കൈവരിച്ചത്. സ്കൂളിന് സ്വന്തമായി വാഹനം ലഭ്യമായി. എം.എൽ.എ ഫണ്ടിൽ നിന്നും 5 ലക്ഷവും രക്ഷകർത്താക്കൾ നാട്ടുകാരിൽനിന്നും ശേഖരിച്ച 2 ലക്ഷവും ചേർത്താണ് വാഹനം വാങ്ങിയത്. വാഹനം സുരക്ഷിതമായി സൂക്ഷിക്കാൻ വേണ്ടിയും ക്ലാസ്സ് മുറിയായി ഉപയോഗിക്കാനും സ്റ്റേജ് ആയി ഉപയോഗിക്കാനും ഉദ്ദശിച്ചുകൊണ്ട് പഞ്ചായത്തിന്റെ സഹായത്തോടെ ഒരു മൾട്ടി പർപ്പസ് കാർ പോർച്ച് നിർമ്മിച്ചു. കാർ പോർച്ചിന്റെ അടിത്തറ ചെക്ക് ഡിസൈനിലുള്ള ടൈൽസ് ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് ഉപയോഗിച്ച് കൊണ്ട് ചെസ് പരിശീലനവും ഗണിത പരിശീലനവും നടത്തുവാൻ ഉദ്ദേശിക്കുന്നു. എസ്.എസ്. എ യുടെ സഹായത്തോടെ ഒരു കെട്ടിടം നവീകരിക്കുകയും IT Enabled class room ആക്കി പരിവർത്തിക്കുകയും ചെയ്തു. ഓഫീസ് കെട്ടിടവും ഫിസിയോതെറാപ്പി സെന്ററും ടൈൽസ് ഇട്ട് ഭംഗിയാക്കി. കേരളത്തിൽ മാതൃകയാക്കുന്ന തരത്തിലുള്ള പാചകപ്പുര ഭംഗിയായി നിർമ്മിച്ചു. വിദ്യാലയമുറ്റം ഭംഗിയാക്കുന്നതിനായി മനോഹരമായ ഇന്റർലോക്ക് ടൈൽസ് ഇട്ടു.റോഡിൽ നിന്നു വെള്ളം കയറാതിരിക്കാൻ ഗേറ്റ് മുതൽ പൂഴിയിട്ട് ഉയർത്തി അതിന്റെ മുകളിലാണ് ഇന്റർലോക്ക് ടൈൽസ് പാകിയത്. എസ് എസ് എ ഫണ്ടുപയോഗിച്ച് നവീകരിച്ച കെട്ടിടത്തിന്റെ വരാന്തയിൽ Stainless steal hand rail ചെയ്തു മനോഹരമാക്കി. ഇത്തരത്തിൽ എല്ലാ നിലയിലും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുടെയും കൂടി ലഭ്യത ഉറപ്പ്

## • വികസന ലക്ഷ്യങ്ങൾ

### ലൈബ്രറി വികസനം

കുട്ടികളിൽ വായനാശീലം വളർത്തുന്ന തിലേയ്ക്കുള്ള പ്രവർത്തന ങ്ങളുടെ ഭാഗമായി സ്കൂളുകളിലും ക്ലാസ്സ് മുറികളിലും ഇപ്പോൾ ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ക്ലാസ്സ് മുറികളിലും ഇപ്പോൾ വായനമൂല നിർബന്ധമാക്കിയിട്ടുണ്ട്. എങ്കിലും ഇപ്പോഴുള്ളത് കുറ്റമറ്റ താണോ എന്ന് വിലയിരുത്തേണ്ടതുണ്ട്. കുട്ടികളിൽ വായനാശീലം വളർത്തുക എന്ന ഭാരിച്ച ചുമതല അധ്യാപകരും രക്ഷാകർതൃസമൂഹവും ഏറ്റെടുത്ത് അതിനെ വിശാലമാക്കേണ്ടതുണ്ട്.

### പ്രവർത്തനങ്ങൾ

- ❖ നിലവിൽ ലഭ്യമായ പുസ്തകങ്ങളെ ഇനം തിരിച്ച് തരംതിരിക്കുന്നു. എഴുത്തുകാരുടെ പേരിന്റെ അക്ഷരമാലാക്രമത്തിൽ ക്രമീകരിക്കുന്നു. ഓരോ ക്ലാസ്സിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. പുസ്തക വിതരണത്തിനുള്ള സൗകര്യം ഒരുക്കുന്നു.
- ❖ വിവിധ വിഷയങ്ങളിൽ നൽകിയ ലിസ്റ്റനുസരിച്ച് ലഭ്യമായ ഫണ്ടുപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യമൊരുക്കുന്നു. 2018 ആഗസ്റ്റ് 31ന് മുമ്പ് ക്ലാസ്സ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തി പ്രവർത്തന ക്ഷമമാക്കുന്നു.
- ❖ വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസ്സിനും വേണ്ട റിസോഴ്സ്/ റഫറൻസ് വായനാപുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, ഡിവിഷനുകൾ അനുസ രിച്ച് എണ്ണം തിട്ടപ്പെടുത്തൽ എന്നിവ നടത്തുന്നു.
- ❖ വിവിധ പുസ്തകപ്രസാധകർ, ഏജൻസികൾ എന്നിവരുമായി ബന്ധപ്പെട്ട് പുസ്തക ലഭ്യത ഉറപ്പാക്കൽ.
- ❖ ക്ലാസ്സ് P.T.A, OSA, അധ്യാപകർ, അഭ്യുദയാംക്ഷികൾ എന്നിവരുടെ സഹായത്താൽ വിഭവ സമാഹരണവും പുസ്തക ശേഖരണവും നടത്തുന്നു.
- ❖ നിലവിൽ ഓരോക്ലാസ്സ് മുറിയിലുള്ള ഷെൽഫ് പ്രയോജനപ്പെടുത്തി ക്ലാസ്സ് ലൈബ്രറി സംവിധാനം ഒരുക്കുന്നു.
- ❖ അധ്യാപകരും കുട്ടികളും അവരവരുടെ പിറന്നാളിന് ഒരു പുസ്തകം ലൈബ്രറിക്ക് നൽകി കൊണ്ട് "എന്റെ പിറന്നാൾ വായനയുടെ ആരംഭം" എന്ന പുതിയപരിപാടിക്ക് തുടക്കം കുറിക്കുന്നു. ക്ലാസ്സ് അധ്യാപക രുടെ നേതൃത്വത്തിൽ പിറന്നാൾ ലിസ്റ്റ് തയ്യാറാക്കൽ, ഓരോ അസംബ്ലിയിലും ലഭ്യതയനുസരിച്ച് പുസ്തകങ്ങളുടെ കൈമാറ്റം എന്നിവ നടത്തുന്നു.

- ❖ എല്ലാ കുട്ടികളുടേയും ബാഗിൽ എപ്പോഴും ഒരു വായനാ പുസ്തകം ഉണ്ടാകുമെന്ന് ഉറപ്പാക്കുന്നതിന് മൊബൈൽ ലൈബ്രറി എന്ന പുതിയ സംവിധാനത്തിന് തുടക്കംകുറിക്കുന്നതിന് കുട്ടികളുടെ എണ്ണമനുസരിച്ച് പ്രാദേശിക വിഭവ സമാഹരണത്തിലൂടെ കണ്ടെത്തുക. മൊബൈൽ ലൈബ്രറിയിലേക്ക് എന്റെ വക പുസ്തക സമാഹരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. സംവിധാനം ഫലപ്രദമായി നടപ്പിലാവുന്നുണ്ടെന്ന് മോണിറ്ററിംഗിലൂടെ ഉറപ്പുവരുത്തുന്നു.(ആദ്യമാസം ആഴ്ചയിലൊരിക്കൽ അടുത്തമാസം രണ്ടാഴ്ചയിലൊരിക്കൽ തുടർന്ന് മാസത്തിലൊരിക്കൽ).
- ❖ വായനാ പരിപോഷണത്തിനുള്ള വൈവിധ്യമാർന്ന സന്ദർഭങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും വായന പ്രോത്സാഹിപ്പിക്കുന്നതിനും വായിച്ച പുസ്തകങ്ങൾ സംബന്ധിച്ച അഭിപ്രായങ്ങൾ വിവധ രീതിയിൽ പ്രകടിപ്പിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനുമുള്ള അവസരങ്ങളൊരുക്കുന്നു.
- ❖ വായനാ വാരത്തിൽ വായനോത്സവം സംഘടിപ്പിക്കുന്നു. മുഴുവൻ കുട്ടികളും ഒരു പുസ്തകമെങ്കിലും വായിച്ചുവെന്ന് ഉറപ്പ് വരുത്തുന്നു.

## ❖ <u>വായനാക്കുറിപ്പു തയ്യാറാക്കൽ</u>

- ➢ ആഴ്ചതോറും വായനാക്കുറിപ്പു മത്സരം ക്ലാസ്സ് തലത്തിൽ
- ➢ മാസത്തിലൊരിക്കൽ സമ്മാനാർഹമായ വായനാക്കുറിപ്പുകളിൽ നിന്നും മികച്ച ഓരോന്നിന് ക്ലാസ്സ് തലത്തിൽ പുസ്തക സമ്മാനം.
- ➢ ആഴ്ചതോറും ക്ലാസ്സ്തല വായനാക്കുറിപ്പ് പതിപ്പുനിർമ്മാണം, മാസത്തിലൊരിക്കൽ സ്കൂൾതലത്തിൽ സമ്മാനിതമായ കുറിപ്പുകൾ ഒരു മിച്ച് ചേർത്ത് പതിപ്പ് നിർമ്മാണം.
- ➢ വർഷാവസാനം സമ്മാനിതമായ വായനാക്കുറിപ്പുകൾ ചേർത്തച്ചടിച്ച് റഫറൻസിനായി വായനാക്കുറിപ്പു പതിപ്പു നിർമ്മാണം.
- ➢ വിവിധ ക്ലാസ്സുകൾക്ക് വായനാനുഭവങ്ങൾ പങ്ക് വെക്കുന്നതിനായി ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിക്കും
- ➢ S R G ചേരുന്നു.
- ➢ SMC ചേർന്ന് RMSA ഫണ്ട് വിനിയോഗം തീരുമാനിക്കുന്നു.
- ➢ ബുള്ളറ്റിൻ ബോർഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.
- ➢ നിശ്ചിത സമയത്തിനുള്ളിൽ ബോർഡുകൾ സ്ഥാപിക്കുന്നു.
- ➢ പ്രയോജനപ്പെടുത്തുന്നു എന്ന് മോണിറ്ററിംഗ് ചെയ്യുന്നു.

- നവമാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗിച്ച് ഡിജിറ്റൽ വായനയ്ക്കും ,കുട്ടികളുടെ സർഗ്ഗാത്മക രചനകളുടെ പ്രകാശത്തിനുള്ള അവസര മൊരുക്കുന്നു.
- സ്കൂളിന് വേണ്ടി ബ്ലോഗ് രൂപീകരിക്കുന്നു.
- ഒരു പേര് കണ്ടെത്തുന്നു. SITC യുടെ സഹായത്താൽ ബ്ലോഗ് രൂപകൽപ്പന ചെയ്യുന്നു.
- അധ്യാപകർക്ക് ഇതിനുള്ള പരിശീലനം നൽകുന്നു.
- ഐ.ടി @ സ്കൂൾ ആരംഭിച്ച സ്കൂൾ വിക്കിയിലും കുട്ടികളുടെ മികച്ച പ്രകടനങ്ങൾ അപ്‌ലോഡ് ചെയ്യുന്നു.
- ക്ലാസ്സ് പത്രങ്ങളും, സ്കൂൾപത്രവും, ഇ-പത്രനിർമ്മാണവും നടപ്പി ലാക്കുന്നു.
- ക്ലാസ്സ് പത്ര നിർമ്മാണത്തിന് സന്നദ്ധരായ കുട്ടികളെ ഉൾപ്പെടുത്തി എഡിറ്റോറിയൽ ബോർഡ് ഉണ്ടാക്കുന്നു.
- ഓരോ ദിവസത്തിലും ഉണ്ടായ മികച്ച വാർത്തകൾ കണ്ടെത്തി പ്രത്യേകം സൂക്ഷിക്കുന്നു.
- ഈ വാർത്തകളിൽ മികച്ചവ കണ്ടെത്തി വെള്ളിയാഴ്ച ക്ലാസ്സ് പത്രം നിർമ്മിക്കുന്നു. തിങ്കളാഴ്ച അസംബ്ലിയിൽ ഊഴമനുസരിച്ച് 2 ക്ലാസ്സുകൾ അവതരിപ്പിക്കുന്നു.
- ഏറ്റവും മികച്ച പത്രം കണ്ടെത്തി ഓരോ ആഴ്ചയിലും സമ്മാനങ്ങൽ നൽകുന്നു.

## ഉച്ചഭക്ഷണപദ്ധതി

ആരോഗ്യവും ബുദ്ധിയുള്ള പൗരൻമാരാണ് നമ്മുടെ രാജ്യത്തിന്റെ സമ്പത്ത്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിലേയ്ക്കായുള്ള പ്രവർത്തനങ്ങൾ താണതലം തൊട്ടേ തുടങ്ങേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് നമ്മുടെ ഗൺമെന്റ് സ്കൂളുകളിൽ ഉച്ചഭക്ഷണം ഏർപ്പെടുത്തിയിരിക്കുന്നത്. ഗുണമേന്മയുള്ള ഭക്ഷണമാണോ നമ്മുടെ കുട്ടികളിൽ എത്തുന്നത്? അല്ലെങ്കിൽ ഇതിനെ എങ്ങനെ കൂടുതൽ മികവുറ്റതാക്കാം എന്ന് അധ്യാപകരും പൊതുസമൂഹവും ചിന്തിക്കേണ്ടതുണ്ട്.

# പോഷക ആഹാര വിതരണം

ആരോഗ്യമുള്ളൊരു തലമുറയെ വാർത്തെടുക്കുന്നതിൽ പോഷകാഹാരം വഹിക്കുന്ന പങ്ക് വളരെ പ്രധാനപ്പെട്ടതാണ്.

- ഗവ: നിർദ്ദേശപ്രകാരം എല്ലാ ആഴ്ചയിലും മുട്ടയും പാലും വിതരണം നിർബന്ധമായും പാലിക്കുന്നു.
- ഉച്ചഭക്ഷണത്തിൽ പ്രാദേശിക വിഭവങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നു.
- പോഷക പ്രദമായ ജൈവ പച്ചക്കറികൾ ഉച്ച ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നു.
- 2 മാസത്തിലൊരിക്കൽ കുട്ടികളുടെ ഭാരം പരിശോധിച്ച് മാതാപിതാക്കൾക്ക് വേണ്ട നിർദ്ധേശം നൽകുന്നു.
- മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളുടെ ആരോഗ്യം ഉറപ്പാക്കുന്നു.
- അധ്യാപകർ തന്നെ ഭക്ഷണം വിളമ്പികൊടുക്കുന്നു.സ്കൂളിലെ ഭക്ഷണം തന്നെ അധ്യാപകർ കഴിക്കുന്നു.
- പ്രധാന ആഘോഷങ്ങളുമായി ബന്ധപ്പെട്ട് തനതു ഭക്ഷണം കുട്ടികൾക്ക് നൽകുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു വരുന്നു.
- രക്ഷിതാക്കളുടെ ബോധവത്ക്കരണത്തിലൂടെ ആരോഗ്യകരമായ ഭക്ഷണശീലം ഉറപ്പാക്കുന്നു.
- തൊട്ടടുത്തുള്ള ക്ഷീരകർഷകരുമായി ബന്ധപ്പെട്ട് നേരിട്ട് പാൽ ശേഖരിക്കാവുന്നതാണ്.
- സമീപത്തുള്ള കോഴി, താറാവ് കർഷകരിൽ നിന്നും മുട്ട ശേഖരിക്കാവുന്നതാണ്.പഴം, പച്ചക്കറി ഉത്പ്പാദകരിൽ നിന്നും അവരുടെ കൃഷിയിടം അധ്യാപകരും കുട്ടികളും നേരിട്ട് സന്ദർശിച്ച് വിഷരഹിതമായ പച്ചക്കറികളും പഴങ്ങളും ശേഖരിക്കാവുന്നതാണ്.

# വൃത്തിയുള്ള പാചകപ്പുര

100% ഉറപ്പ് ആരോഗ്യകാര്യത്തിൽ കിട്ടണമെങ്കിൽ ഭക്ഷണം പാചകം ചെയ്യുന്ന സ്ഥലം വ്യക്തികൾ എന്നിവയിലും ശ്രദ്ധചെലുത്തേണ്ടതായുണ്ട്.

# പ്രവർത്തനങ്ങൾ

❖ വൃത്തിയുള്ള അടുക്കള പൂർണ്ണാരോഗ്യത്തിന് എന്ന മുദ്രാവാക്യം നാം ഉയർത്തിപ്പിടിക്കണം. ഭക്ഷണം പാചകം ചെയ്യുന്ന പാത്രങ്ങൾ ഉപയോഗത്തിന് മുമ്പും ശേഷവും അണുവിമുക്തമാക്കേണ്ടതായുണ്ട്.

പരമ്പരാഗത രീതിയായ വിറകടുപ്പിൽ നിന്നും പാരമ്പര്യേതര രീതിയായ ഗ്യാസ് അടുപ്പ്, ഇൻഡക്ഷൻ കുക്കർ എന്നിവ സ്ഥാപിക്കേണ്ടതായുണ്ട്.

❖ കുട്ടികൾക്ക് ശുദ്ധജലം നൽകുന്നതിനുവേണ്ടി വാട്ടർ പ്യൂരിഫയർ, വാട്ടർ ഹീറ്റർ എന്നിവ സ്ഥാപിക്കേണ്ടതായുണ്ട്.

❖ തൊട്ടടുത്ത ക്ലാസ്സ് മുറികളിലേക്ക് അടുക്കളയിൽ നിന്നുള്ള ഗന്ധം പോവാതിരിക്കാൻ ഇലക്ട്രിക്ക് ചിമ്മിനി ഘടിപ്പിക്കേണ്ടതായുണ്ട്.

❖ സ്റ്റോർറും ഉറപ്പുള്ളതും വായുസഞ്ചാരം ഉള്ളതുമാണെന്നും ഉറപ്പുവരുത്തേണ്ടതായുണ്ട്. സ്കൂളിൽ ഒരു മാസത്തേക്ക് കൂടുതലായി കിട്ടുന്ന ധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സജ്ജീകരണം ഒരുക്കേണ്ടതായിട്ടുണ്ട്.

❖ അടുക്കളയിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ സംസ്കരിക്കുവാൻ ജൈവ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിൽ നിന്നും ബയോഗ്യാസ് ലഭ്യമാക്കികൊണ്ട് ഇന്ധനചിലവ് ക്കുറക്കാവുന്നതാണ്.

## ഭക്ഷണശാല ഒരുക്കൽ

ആരോഗ്യമുള്ള ഭക്ഷണം കുട്ടികൾക്ക് എത്തിച്ചേരുക എന്ന ലക്ഷ്യം പൂർത്തിയാക്കുന്നത് അതിനുള്ള ഇരിപ്പിട സൗകര്യം കൂടി ഒരുക്കുമ്പോഴാണ്. സ്കൂളിലെ എല്ലാകുട്ടികൾക്കും ഇരുന്ന് കഴിക്കുന്നതിനാവശ്യമായ കസേരകളും മേശകളും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ഒരു ഭക്ഷണ ശാലയാണ് വേണ്ടത്.

## പ്രവർത്തനങ്ങൾ

❖ കുട്ടികൾ ഉപയോഗിക്കുന്ന പാത്രങ്ങൾ ഗ്ലാസ്സുകൾ എന്നിവ അണുവിമുക്തമാക്കുന്ന അത്യാധുനിക സൗകര്യം ഇത്തരം കെട്ടിടത്തിൽ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

❖ കുട്ടികൾക്ക് ഭക്ഷണത്തിന് മുമ്പും ശേഷവും കൈകഴുകുന്നതിനാവശ്യമായ വാഷ്ബെയ്സനുകൾ,ഭക്ഷണാവിശിഷ്ടങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടിയുള്ള ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവയും ഇത്തരം കെട്ടിടത്തിൽ സ്ഥാപിക്കണം.

മോണിട്ടറിംഗ്_ഹെഡ്മാസ്റ്റർ, S R G കൺവീനർ PTA, L.S.G.P

# ശിശുസൗഹൃദ വിദ്യാലയ അന്തരീക്ഷം

ഞങ്ങളുടെ കുട്ടികൾക്ക് നല്ല പഠന അനുഭവം ലഭ്യമാക്കുന്നതിന് വിദ്യാലയാന്തരീക്ഷം ശിശുസൗഹൃദമാക്കൽ അനിവാര്യമാണ്.പാഠഭാഗങ്ങളിലും മറ്റും ഇടംപിടിച്ചിട്ടുള്ള കഥകളും ഗുണപാഠങ്ങളും മറ്റുള്ളവയുമെല്ലാം ഉൾകൊള്ളുന്ന ജീവസുറ്റ ചിത്രങ്ങളോടു കൂടിയചുമർ ചിത്രങ്ങൾ ക്ലാസ്സുകളിൽ പ്രദർശിപ്പിക്കൽ, കുട്ടികൾക്ക് ഇരിക്കുന്നതിന് യോജിച്ച ഇരിപ്പിടങ്ങൾ, അപകടരഹിതമായ ശിശു സൗഹൃദ ഇരിപ്പിടങ്ങൾ സജ്ജമാക്കുക. കുട്ടികളുടെ മാനസിക ഉല്ലാസത്തിനും ബുദ്ധിവികാസത്തിനും ആവശ്യമായ കളിസ്ഥലം ഒരുക്കണം. കുട്ടികൾക്ക് സ്വസ്ഥമായും സൗകര്യത്തോടെയും ഉപയോഗിക്കാവുന്ന ശിശുസൗഹൃദ ടോയ്‌ലറ്റ് സൗകര്യം, ജൈവ വൈവിദ്യ ഉദ്യാനം, ശലഭോദ്യാനം, ഉൾപ്പെടെയുള്ള പാരിസ്ഥിതിക അവബോധം വളർത്തുന്ന കാമ്പസ് അന്തരീക്ഷം ഒരുക്കണം.

# ആരോഗ്യശുചിത്വ പരിഗണന

- ❖ പഠനവും പഠന പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിൽ ശുചിത്വ പരിസരം വലിയഘടകമാണ്. ശുചിത്വമില്ലായ്മയിലൂടെ കടന്ന് വരുന്ന രോഗങ്ങളെ സംബന്ധിച്ച് കുട്ടികളെയും രക്ഷകർത്താവിനെയും ബോധവത്കരിക്കുന്നു.
- ❖ സ്കൂൾ, പരിസരം, വീട് എന്നിവടങ്ങളിലും കുട്ടികൾക്ക് ശുചിത്വ സമ്പൂർണ്ണമായ പരിസരം ഉണ്ടെന്ന് ഉറപ്പാക്കുക.
- ❖ ആഹാരം കഴിക്കുന്ന പാത്രം, ധരിക്കുന്ന വസ്ത്രം എന്നിവ വൃത്തിയാണോ എന്ന് ഓരോ ദിവസവും ഉറപ്പ് വരുത്തുക.
- ❖ ഇരിക്കുന്ന സ്ഥലവും, കളിസ്ഥലവും വൃത്തിയാക്കുന്നു.
- ❖ സ്കൂൾ, വീട് എന്നിവിടങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നില്ല എന്ന് ഉറപ്പാക്കുക.
- ❖ ടോയ്‌ലെറ്റും പരിസരവും വളരെ ശുചിത്വത്തോടെ സൂക്ഷിക്കുന്നു. ദിവസവും ക്ലീനിംഗ് ലോഷൻ ഉപയോഗിച്ച് വൃത്തിയാക്കുന്നു.
- ❖ ടോയ്‌ലറ്റിൽ പോയ ശേഷം കൈകാലുകൾ കഴുകുന്ന ശീലം വളർത്തുന്നു.
- ❖ പ്ലാസ്റ്റിക് വിമുക്തവും സമ്പൂർണ്ണ ശുചിത്വമുള്ളതും ആയ ഒരു വേസ്റ്റ് ഫ്രീ വിദ്യാലയമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.
- ❖ Rain water harvesting സംവിധാനവും എല്ലാക്ലാസ്സിലും ശുദ്ധജലം എത്തിക്കാനുള്ള സംവിധാനവും ഉണ്ടാകും.

# സാമൂഹ്യപങ്കാളിത്തം

സാമൂഹ്യപങ്കാളിത്തത്തിന് വലിയ പരിഗണന നൽകുന്ന കേന്ദ്രങ്ങളാണ് വിദ്യാലയ ങ്ങൾ. ഈ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ആഘോഷ പരിപാടി കളിലും അക്കാദമിക പരിപാടികളിലും സമൂഹത്തിലെ വ്യത്യസ്ഥ തുറകളിലുള്ളവരെ പങ്കെടുപ്പിക്കണം.

- ഗൃഹസന്ദർശനം നടത്തി പരിസരങ്ങളിലെയും മറ്റും സഹകരണം ഉറപ്പു വരുത്തുക.
- ആരോഗ്യ വിഭാഗവുമായി സഹകരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ മെഡിക്കൽ ക്യാമ്പ് സ്കൂൾ മുൻകൈയെടുത്ത് നടത്തുന്നു.
- ആഘോഷ പരിപാടികളുടെ ഭാഗമായി റാലിയും മറ്റും നടത്തി സമൂഹത്തിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നു.
- ഐ.ടി സൗകര്യം ഉപയോഗപ്പെടുത്തി ഫെയ്സ് ബുക്ക്, വാട്സപ്പ്, ബ്ലോഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുവഴി സ്കൂളിന്റെ പുരോഗതിയുടെ പടവുകൾ അപ്ഡേറ്റ് ചെയ്യുന്നു.

# കുട്ടികളുടെ സുരക്ഷാ ഗതാഗത സൗകര്യം

- ആൺകുട്ടികളാണെങ്കിലും പെൺകുട്ടികളാണെങ്കിലും കുട്ടികളുടെ സുരക്ഷാ കാര്യങ്ങളിൽ വിദ്യാലയത്തിന് വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കേണ്ട തായിട്ടുണ്ട്.
- വീടുകളിൽ കുട്ടികൾ സുരക്ഷിതരാണോ എന്ന് കണ്ടെത്തേണ്ടതിന് ബോധവത്ക്കരണ ക്ലാസ്സുകളും കൗൺസിലിങ്ങും നടത്തുന്നുണ്ട്.
- ക്ലാസ്സ് ടീച്ചർ ഓരോ കുട്ടിയുടേയും വീട് സന്ദർശിച്ച് ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുന്നുണ്ട്.
- കുട്ടിക്ക് എന്തും തുറന്ന് പറയാവുന്ന തരത്തിലുള്ള ബന്ധമാണ് അധ്യാപകരും കുട്ടികളുമായിട്ടുള്ളത്.
- സ്കൂളിൽ വാഹന സൗകര്യം ഉള്ളതിനോടൊപ്പം അധ്യാപകർ ഉൾപ്പെടെയുള്ള വർ കുട്ടികളെ വീടുകളിൽ കൊണ്ടാക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു.
- ഓരോ വണ്ടിയിലും പോകുന്ന കുട്ടികളുടെ ലിസ്റ്റും ഫോൺ നമ്പറും വണ്ടിയിലും ഓഫീസിലും ക്ലാസ്സ് ടീച്ചറും സൂക്ഷിക്കുന്നു.

- ഏതെങ്കിലും കാരണവശാൽ വാഹനം വൈകിയാൽ അതാതു സമയത്ത് അറിയിപ്പ് നൽകുന്നു.

## ഫലപ്രദമായ ക്ലാസ്സ് പി.റ്റി.എ

നിരന്തരമൂല്യ നിർണ്ണയത്തിലൂടെ വിലയിരുത്തപ്പെട്ട കാര്യങ്ങൾ പങ്കുവെയ്ക്കൽ, കുട്ടികളുടെ പോരായ്മകൾ പരിഹരിക്കൽ, കഴിവുകൾ മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ അടിസ്ഥാനമാക്കിയ ക്ലാസ്സുകൾ, ക്ലാസ്സ് പി.റ്റി.എ അത് ഫലപ്രദമാക്കുന്നതിന് ഏറെ കാര്യങ്ങൾ ചെയ്യുന്നു.

- ക്ലാസ് പി.റ്റി.എ യുടെ ആവശ്യകതയെയും ഗുണത്തെയും സംബന്ധിച്ച് നല്ല തീരുമാനങ്ങൾ രക്ഷിതാക്കൾക്ക് നൽകാറുണ്ട്.
- ഓരോ ക്ലാസ്സ് പി.റ്റി.എ യുടേയും മുന്നോടിയായി വിദ്യാർത്ഥികളുടെ ഡയറിയിൽ എഴുതിയും ഫോൺ നമ്പറിൽ വിളിച്ചും അറിയിപ്പ് നൽകുന്നു.
- കൃത്യനിഷ്ഠ പാലിച്ച് മടുപ്പ് ഒഴിവാക്കുന്നു.
- ഓരോ കുട്ടിയെ കുറിച്ചും ഗുണകരമായ ചർച്ച നടത്തുന്നു.
- പഠന സമയത്ത് ടീച്ചർ നേരിടുന്ന വിഷമങ്ങൾ രക്ഷിതാക്കളുമായി പങ്ക് വെയ്ക്കാറുണ്ട്.
- കുട്ടികൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വരുത്തേണ്ടമാറ്റങ്ങൾ രക്ഷിതാവിനെ ബോധ്യപ്പെടുത്തുന്നു.
- കുട്ടികളുടെ പോർട്ട് ഫോളിയോകൾ കാണിച്ച് കുട്ടിയുടെ നിലവാരത്തിൽ വന്നമാറ്റം ബോധ്യപ്പെടുത്തുന്നു.
- ടീച്ചർ എന്ന നിലയിൽ വരുത്തേണ്ട മാറ്റങ്ങൾ, നവീന പ്രവർത്തനങ്ങൾ എന്നിവ രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു.
- കലാ,കായിക,ശാസ്ത്ര അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിന് നിർദ്ധേശം നൽകുന്നു.

## കലാ-കായിക-പ്രവർത്തി പരിചയ അനുഭവങ്ങൾ

പഠനപ്രവർത്തനത്തോടൊപ്പം കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകൾ മെച്ചപ്പെടുത്തേണ്ടത് വളരെ ആവശ്യമാണ്.

- ✓ സ്കൂൾ സ്പോർട്സ്, സ്കൂൾ കലോത്സവം, ശാസ്ത്രമേളകൾ, പ്രവർത്തി പരിചയ മേളകൾ എന്നിവയിൽ കുട്ടികളെ പങ്കാളികൾ ആക്കാറുണ്ട്.

- ✓ ആവശ്യമായ പരിശീലനം നൽകാറുണ്ട്
- ✓ അധ്യയന സമയം ഒഴികെയുള്ള സ്മയത്തും വൈകുന്നേരങ്ങളിലും ഇത്തരം കാര്യങ്ങൾക്ക് പരിശീലനം ചെയ്യുന്നു.
- ✓ രക്ഷിതാക്കളിൽ നിന്ന് ഇത്തരം കാര്യങ്ങളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി നിയമിക്കുന്നു
- ✓ സ്കൂളിൽ നടക്കുന്ന മേളകളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തി സബ്ജില്ലാതലത്തിൽ നടക്കുന്ന മത്സര ങ്ങളിൽ പങ്കെടുപ്പിക്കാറുണ്ട്.

# പ്രശ്നങ്ങളും വെല്ലുവിളികളും

ഈ വിദ്യാലയത്തിന് സ്ഥലപരിമിതിയുണ്ട്.50 സെന്റ് സ്ഥലമാണുള്ളത്. ആകെ 4 കെട്ടിടങ്ങളുണ്ട്. അതിൽ 7 ക്ലാസ്സ് റൂമുകളും ഒരു ഓഫീസും ഒരു ഫിസിയോതെറാപ്പി സെന്ററും പ്രവർത്തിക്കുന്നു. കമ്പ്യൂട്ടർ ലാബില്ല. പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടറും ലാപ്ടോപ്പുമാണുള്ളത്. ആകെ 9 ടാപ്പുകളാണ് കുട്ടികൾക്ക് ഉപയോഗിക്കാനുള്ളത്. ഒരു ഇടത്തരം വാഹനമാണുള്ളത്. അത് എല്ലാ കുട്ടികളേയും സമയത്ത് എത്തിക്കുവാൻ കഴിയുന്നില്ല. 5 അധ്യാപകരും ഒരു പി..റ്റി.സി.എം. ആണ് ഉള്ളത്. 4 പ്രീ-പ്രൈമറിക്ലാസ്സുകളുണ്ട്. 2 പേർക്ക് മാത്രമാണ് സർക്കാർ ഓണറേറിയം ലഭിക്കുന്നത്. മറ്റ് നാല് ജോലിക്കാരും പ്ലേക്ലാസിലെ ടീച്ചർമാർക്കും പി.റ്റി.എ ആണ് ശമ്പളം നൽകുന്നത്. ഈ വർഷം ലഭിച്ച പുതിയ ഒന്നാം ക്ലാസ്സ് കാർ പോർച്ചിലാണ് നടത്തികൊണ്ട് പോകുന്നത്. അടുത്തവർഷം മുതൽ മറ്റ് ക്ലാസ്സുകളിലേയും പുതിയ ഡിവിഷനുകൾ ഉണ്ടാകും അപ്പോൾ പുതിയ ക്ലാസ്സ് മുറികൾ ഏറ്റവും അത്യാവശ്യമാണ്. എല്ലാകാസ്സ് മുറികളും ഡിജിറ്റൽ ക്ലാസ്സ് മുറികൾ ആക്കാനും കുട്ടികൾക്ക് ആധുനിക ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കുവാനും കഴിയണം. എല്ലാ അധ്യാപകരേയും ഐ.റ്റി. എനേബിൾഡ് ടീച്ചേഴ്സ് എന്ന നിലയിൽ ശാക്തീകരിക്കണം. കുട്ടികളുടെ കായിക മികവിന് കളിസ്ഥലം ആവശ്യമാണ്. കലാപരമായ മികവിന് പരിശീലകരേയും അത്യാവശ്യമാണ്. കുട്ടികളുടെ സർഗ്ഗവേദിയായ സ്കൂൾ വാർഷിക മേളയിൽ എല്ലാരക്ഷിതാക്കൾക്കും തങ്ങളുടെ കുട്ടികളുടെ കലാപ്രകടനം ഒരുപോലെ ഇരുന്ന് ആസ്വദിക്കാനുള്ള സ്ഥലപരിമിതി ഉണ്ട്. ആയതിനാൽ വിശാലമായ ഓപ്പൺ എയർ ഓഡിറ്റോറിയം അത്യാവശ്യമാണ്. 2 വർഷം മുമ്പ് വളരെക്കുറഞ്ഞ എണ്ണം വിദ്യാർത്ഥികളുടെ സ്ഥാനത്ത് ഇരുന്നൂറിൽ അധികം കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു.

കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് പുതിയ വാഹനങ്ങൾ അത്യാവശ്യമാണ്. സ്കൂളിന്റെ അച്ചടക്കം പരിപാലിക്കുന്നതിന് ഓഫീസ് കേന്ദ്രീകൃത ഓഡിയോ വിഷ്വൽസിസ്റ്റം അത്യാവശ്യമാണ്. ആധുനുക പാചകപ്പുരയും ഭക്ഷണ വിതരണശാലയും ഇരിപ്പിട സൗകര്യവും വേണം. പാചകപ്പുരയിലും യൂറിനിലും എപ്പോഴും ജലലഭ്യത ഉണ്ടാവണം. സ്കൂൾ ഗ്രൗണ്ടിൽ സി.സി.ടി,വി ക്യാമറ സ്ഥാപിക്കേണ്ടതുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറി ആധുനികവത്കരിക്കൽ<br>• പ്രതിഭാപോഷണ പരിപാടി<br>• നാടകക്കളരി<br>• ജൈവ വൈവിധ്യപാർക്ക്<br>• സാഹിത്യ പോഷണ പരിപാടികൾ<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാ-കായികമേള<br>• ഐ.ടി. പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>• സ്കൂൾ പത്രം / മാസിക<br>• പ്രവൃത്തി പരിചയപഠനം<br>• ഒന്നാം ക്ലാസ്സ് ഒന്നാംതരം<br>• എസ്.ആർ.ജി.ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• രചനാശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• പാവനാടക പരിശീലനം/ശില്പശാല<br>• ഒറിഗാമി ശില്പശാല<br>• ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>• ഭാഷാ ലാബ്<br>• ബാല<br>• ബ്ലോഗ്<br>• ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ<br>• റേഡിയോ GMLPS<br>• വിഷൻ GMLPS | • ചുറ്റുമതിൽ, ഗേറ്റ്<br>• കളിസ്ഥലം<br>• ചിൽഡ്രൻസ് പാർക്ക്<br>• ക്ലാസ്സ് മുറികൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് മുറി<br>• വസ്ത്രമുറി<br>• കമ്പ്യൂട്ടർ റൂം<br>• മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ടോയിലറ്റ്<br>• ലബോറട്ടറി<br>• ജന്മദിനത്തിനൊരു പുസ്തകം<br>• ചിത്രരചന<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• എന്റെ ചെടി എനിക്കും പറയാനുണ്ട്<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക്മേള | • പി.ടി.എ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി, എസ്.ഡി.സി കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസനസമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• എസ്.എസ്.ജി<br>• എസ്.എസ്.ജി ബന്ധം<br>• ഗ്രന്ഥശാലകൾ, ക്ലബുകൾ,സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ,പൂർവ്വാധ്യാപകർ, സഹകരണസ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾപൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയവിവരങ്ങൾ സമൂഹത്തിന് കൂടിപ്രയോജനപ്പെടുത്തൽ<br>• റിസോഴ്സ് മാപ്പിംഗ്<br>• പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർപരിശീലനം<br>• പഠനക്കൂട്ടം<br>• പ്രാദേശിക പി.ടി.എ<br>• ഭവന സന്ദർശനം |

# വിഷയമേഖല പ്രവർത്തനങ്ങൾ

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലി യുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | --- |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | -- |

പ്രവർത്തനം 3

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേയ്ക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധി ക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം | 10000/- (പ്രതിവർഷം എസ്.എസ്.എ |

പ്രവർത്തനം 4

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | -- |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | -- |

പ്രവർത്തനം 6

പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം & പി.ടി.എ | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 7

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം., പി.ടി.എ., ലൈബ്രേറിയൻ | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 8

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ് | -- |

പ്രവർത്തനം 9

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ | 10000/- (ഒ.എസ്.എ) |

പ്രവർത്തനം 10

പേര് : പാവനാടക പരിശീലന ശില്പശാല

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി | 5000/- |

പ്രവർത്തനം 11

പേര് : കുട്ടീസ് റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പിരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങലിൽ | എസ്.ആർ.ജി. | 25,000/- വ്യവസായ ഗ്രൂപ്പ് സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 12

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവധശേഷി കളുടെ വികസനം | ജൂൺ മുതൽ മാർച്ചവരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനു സരണം | എസ്.ആർ. ജി | -- |

പ്രവർത്തനം 13

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒരിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടുപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. ഒ.എസ്. എ | 1000/- ഒ.എസ്.എ |

പ്രവർത്തനം 14

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ് | -- |

പ്രവർത്തനം 15

പേര് : ഗണിത പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം /ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | 1000/- ( പി.ടി.എ.) |

പ്രവർത്തനം 16

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | -- |

പ്രവർത്തനം 17

പേര് : ശാസ്ത്രപോഷണ പരിപാടി

മേഖല/ ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | 10000/- (എസ്.എസ്.ജി.) |

പ്രവർത്തനം 18

പേര് : ശാസ്ത്രയാത്രകൾ ( Field Trips )

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ് പി.ടി.എ | 15000/- ( ഒ.എസ്.എ) |

പ്രവർത്തനം 19

പേര് : മേളകൾ

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 10000/- എസ്.എസ്.എ |

പ്രവർത്തനം 20

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല / ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ് | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 21

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | 1000/- ( പി.ടി.എ ) |

പ്രവർത്തനം 22

പേര് : പഠനയാത്രകൾ

മേഖല / ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നു വീതം | എസ്.ആർ.ജി | 20000/- (സ്പോൺസർഷിപ്പ് ) |

പ്രവർത്തനം 23

പേര് : കലാമണ്ഡപം

മേഖല/ ഉപമേഖല : അക്കാദമികം / കലാ- വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്/ കലാദ്ധ്യാപകൻ | 2000000/- എസ്.എസ്.എ) |

പ്രവർത്തനം 24

പേര് : ചിത്രരചനാക്കളരി

മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യവേനൽ അവധിക്കാലം ( 5 ദിവസം ) | എസ്.ആർ.ജി | 10000/- (എസ്.ഡി.സി) |

പ്രവർത്തനം 25

പേര് : കായിക പരിശീലനം

മേഖല / ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ കായിക അദ്യാപകൻ | 10000/- (സ്പോൺസർ ഷിപ്പ്) |

പ്രവർത്തനം 26

പേര് : കായിക താരങ്ങൾക്ക് അവാർഡ്/ സമ്മാനങ്ങൾ

മേഖല / ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ്/ സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തിലേയും മത്സരങ്ങൾക്കുശേഷം | എച്ച്.എം. കായിക അദ്ധ്യാപകൻ | 5000/- (സ്പോൺസർ ഷിപ്പ്) |

പ്രവർത്തനം 27

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒന്നു വീതം | എച്ച്.എം. പി.ടി.എ | 10000/- (പി.ടി.എ) |

പ്രവർത്തനം 28

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. എസ്.എസ്.ജി | 5000/- (കൃഷിവകുപ്പ്) |

പ്രവർത്തനം 29

പേര് : ജൈവ വൈവിധ്യപാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | 25000/- (എസ്.എസ്.എ) |

പ്രവർത്തനം 30

പേര് : ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | -- |

പ്രവർത്തനം 31

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ. | 50000/- പഞ്ചായത്ത് ഫണ്ട് |

പ്രവർത്തനം 32

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവനചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മ ദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | -- |

പ്രവർത്തനം 33

പേര് : ശാസ്ത്രമാജിക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. ഇവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | മാസത്തിൽ ഒന്നു വീതം | എസ്.ആർ.ജി | -- |

പ്രവർത്തനം 34

പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി | -- |

പ്രവർത്തനം 35

പേര് : സമഗ്ര പോർട്ടൽ ശില്പശാല

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | It@സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ. സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്.ആർ.ജി | -- |

പ്രവർത്തനം 36

പേര് : ലോകസഞ്ചാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു ഭിത്തിയിൽ വലുതായി ചിത്രീകരിക്കണം, ദിവസവും ദിന പത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കാം. | പ്രതിദിനം | എസ്.ആർ.ജി | -- |

പ്രവർത്തനം 37

പേര് : ചരിത്ര കലണ്ടർ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കുതാഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്രകലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി | -- |

പ്രവർത്തനം 38

പേര് : 100 കവികൾ 100 കവിതകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘുജീവചരിത്രവും തയ്യാറാക്കണം. പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ | -- |

പ്രവർത്തനം 39

പേര് : മൺമറഞ്ഞ ആഹാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ | -- |

പ്രവർത്തനം 40

പേര് : ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെ ക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | -- |

പ്രവർത്തനം 41

പേര് : ചുറ്റുമതിൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | ഒരു വർഷം | പി.ടി.എ. എൽ.എസ്.ജി.ഡി | 10 ലക്ഷം (പഞ്ചായത്ത്) |

പ്രവർത്തനം 42

പേര് : കവാടം, പടിപ്പുര

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര എന്നിവ സജ്ജമാക്കൽ | ഒരു വർഷം | പി.ടി.എ. എൽ. എസ്. ജി.ഡി | 3 ലക്ഷം (പഞ്ചായത്ത്) |

പ്രവർത്തനം 43

പേര് : പുതിയ മന്ദിരം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുരക്ഷിതമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം | രണ്ടു വർഷം | പി.ടി.എ. എൽ.എസ്. ജി.ഡി | 65 ലക്ഷം (എം.എൽ.എ ഫണ്ട് ) |

പ്രവർത്തനം 44

പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ, മുറ്റം ഉയരം കൂട്ടി ട്രെസ്സ് വർക്ക് ചെയ്യൽ | രണ്ടു വർഷം | പി.ടി.എ. എൽ.എസ്.ജി.ഡി | 65 ലക്ഷം (എം.എൽ.എ ഫണ്ട്) |

പ്രവർത്തനം 45

പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | പി.ടി.എ എൽ.എസ്.ജി.ഡി | 15 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം 46

പേര് : ശൗചാലയ സമുച്ചയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ. എൽ എസ്.ജി.ഡി | 10 ലക്ഷം (എം.എൽ.എ ഫണ്ട്) |

പ്രവർത്തനം 47

പേര് : പ്രീപ്രൈമറി & ലാബ് സമുച്ചയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ, ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ വിധത്തിൽ പ്രീ-പ്രൈമറി & ലാബ് മന്ദിരസമുച്ചയം നിർമ്മിക്കൽ. മുകളിൽ ആഡിറ്റോറിയം | രണ്ടു വർഷം | പി.ടി.എ. എൽ.എസ്.ജി.ഡി | 80 ലക്ഷം (നബാർഡ്) |

പ്രവർത്തനം 48

പേര് : മൈതാന നിർമ്മാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളൊരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ. എൽ.എസ്.ജി.ഡി | 80 ലക്ഷം (പഞ്ചായത്ത്) |

പ്രവർത്തനം 49

പേര് : നീരുറവ സംരക്ഷണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജല സംരക്ഷണ പ്രവർത്തനം | നിലവിലുള്ള നീരുറവ മതിൽകെട്ടി, മുകളിൽ നെറ്റ് നിർമ്മിച്ച് സംരക്ഷിക്കൽ | ഒരു വർഷം | പി.ടി.എ | 1 ലക്ഷം (പഞ്ചായത്ത്) |

പ്രവർത്തനം 50

പേര് : കുടിവെള്ള വിതരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം. ടാങ്കിൽ നിന്നും ടോയ്‌ലറ്റ്, വാഷ് ടബ്ബ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | ആറ് മാസം | പി.ടി.എ | 200000/- രൂപ (പഞ്ചായത്ത്) |

പ്രവർത്തനം 51

പേര് : യോഗ പരിശീലന കേന്ദ്രം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനുവേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നു വീതം | പി.ടി.എ | 2 ലക്ഷം (പഞ്ചായത്ത് ) |

പ്രവർത്തനം 52

പേര് : നീന്തൽക്കുളം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ജലലഭ്യത, സ്ഥലവിസ്തൃതി എന്നിവ പരിഗണിച്ച് നീന്തൽക്കുളം നിർമ്മിക്കൽ അവധി ദിവസങ്ങളിൽ നിയന്ത്രണങ്ങളോടെ പൊതു സമൂഹത്തിനും പരിശീലനത്തിന് അവസരം നൽകാം. | ഒരു പ്രാവശ്യം | പി.ഇ.റ്റി. അദ്ധ്യാപകൻ പി.ടി.എ | 50 ലക്ഷം (എസ്.എസ്.എ ഫണ്ട്) |

പ്രവർത്തനം 53

പേര് : ജനറേറ്റർ സ്ഥാപിക്കൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈ-ടെക് ക്ലാസ്സ്റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | പി.ടി.എ | 20 ലക്ഷം ( എം.പി.ഫണ്ട്) |

പ്രവർത്തനം 54

പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ , റ്റി.സി. രജിസ്റ്റർ തിടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | എച്ച്.എം.ക്ലർക്ക് എസ്.ആർ.ജി. കൺവീനർ | 5 ലക്ഷം (എസ്.എസ്.എ ഫണ്ട്) |

പ്രവർത്തനം 55

പേര് : മാലിന്യ സംസ്കരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.ജി | ലക്ഷം (പഞ്ചായത്ത്) |

പ്രവർത്തനം 56

പേര് : ബയോഗ്യാസ് പ്ലാന്റ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ. ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം ( അനെർട്ട്) |

പ്രവർത്തനം 57

പേര് : സ്കൂൾ കിറ്റ്, പണിയായുധങ്ങൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവ യുടെ പ്രവർത്തനം ക്രൃക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറി യിൽ സൂക്ഷിക്കൽ | 6 മാസം | പി.ടി.എ സ്റ്റാഫ് സെക്രട്ടറി | 10,000/- ( പി.ടി.എ) |

പ്രവർത്തനം 58

പേര് : സൗരോർജ്ജപാനൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരമ്പര്യേതര ഊർജ്ജ സ്രോതസ്സു കളെ ഉപയോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ | 10 ലക്ഷം (എസ്.എസ്.എ ഫണ്ട്) |

പ്രവർത്തനം 59

പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി. ഒ.എസ്.എ | 5000/- ( ഒ.എസ്.എ) |

പ്രവർത്തനം 60

പേര് : പൂർവ്വാദ്ധ്യാപക സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10,000/- (സ്റ്റാഫ് ഫണ്ട്) |

പ്രവർത്തനം 61

പേര് : അങ്കണവാടി കലോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ. നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | 10,000/ ( സ്പോൺസർഷിപ്പ് |

പ്രവർത്തനം 62

പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാ ക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി, എസ്.ആർ.ജി | 10000/- ( പി.ടി.എ) |

പ്രവർത്തനം 63

പേര് : പഠനക്കൂട്ടങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നുവീതം അരദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ്സും നടത്തൽ. ഞായറാഴ്ചകളിൽ പതിവായി ക്ലാസ്സ്, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ | ഓരോ ടേമിലും ഒന്നുവീതം മികവുകളുടെ അവതരണം ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം | എസ്.ആർ.ജി .പി.ടി.എ എസ്.എസ്.ജി | 5,000/- (സ്പോൺസർ ഷിപ്പ്) |

പ്രവർത്തനം 64

പേര് : രക്ഷിതാക്കൾക്ക് ഇ-സാക്ഷരത( കമ്പ്യൂട്ടർ പരിശീലനം)

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിവരങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ/ അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | എച്ച്.എം.ഐ.ടി. സ്കൂൾ എസ്.ഐ.റ്റി.സി | -- |

പ്രവർത്തനം 65

പേര് : വായനാക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിവരങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവർക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | -- |

പ്രവർത്തനം 66

പേര് : പി.ടി.എ./എം.പി.ടി.എ.സർഗോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക | പി.ടിഎ.,മദേഴ്സ് ഫോറം, അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എം.പി.ടി.എ. എസ്.ആർ.ജി | 10000/- പി.ടി.എ. ഫണ്ട് |

പ്രവർത്തനം 67

പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി., സ്കൂൾ പാർലമെന്റ് | -- |

പ്രവർത്തനം 68

പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി | 5000/- ( പി.ടി.എ ഫണ്ട്) |

പ്രവർത്തനം 69

പേര് : സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി പി.ടി.എ | 10,000/- ( പരസ്യം) |

പ്രവർത്തനം 70

പേര് : മത്സരപരീക്ഷകൾക്ക് പരിശീലനം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവിന്റെ ജനകീയവൽക്കരണം | അവധി ദിവസങ്ങളിൽ വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകൽ. അദ്ധ്യാപകരും മുൻ അധ്യാപകരും ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം.ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന നാമമാത്ര ഫീസ് അക്കാദമിക് ആവശ്യങ്ങൾക്ക് വിനിയോഗിക്കൽ | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി ഒ.റ്റി.എ. പി.ടി.എ | 10,000/- ( പരസ്യം) |

പ്രവർത്തനം 71

പേര് : ഗ്രാമപത്രം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറയിക്കൽ | വിദ്യാലയത്തിന്റെ സമീപമുള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ. ചുമതലപ്പെടുത്തി യിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതു വാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ | പ്രതിദിനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | 5000/- (എ.എസ്.എ) |

പ്രവർത്തനം 72

പേര് : പൊതിച്ചോറ്

മേഖല : സാമൂഹികം / ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും ഇതര ജീവനക്കാരും 5-10 ഭക്ഷണപൊതികൾ വീതം കൊണ്ടുവരുന്നു സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കൽ | വർഷത്തിൽ 3 പ്രാവശ്യം | എസ്.ആർ.ജി | |

# പ്രതീക്ഷിത നേട്ടങ്ങൾ

( കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ കാലയളവനുസരിച്ച്

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>• സ്കൂൾ പത്രം / മാസിക<br>• എസ്.ആർ.ജി.ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• ബ്ലോഗ്<br>• ദിനാചരണം | • ശാസ്ത്രപോഷണ പരിപാടി<br>• വായനാ പരിപോഷണം<br>• നാടകക്കളരി<br>• സാഹിത്യ പോഷണ പരിപാടികൾ<br>• കലാ-കായികമേള<br>• പ്രവൃത്തി പരിചയപഠനം<br>• രചനാശില്പശാല<br>• അഭിമുഖങ്ങൾ<br>• ഭാഷാ ലാബ്<br>• ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ | • ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറി ആധുനികവത്കരിക്കൽ<br>• പ്രതിഭാപോഷണ പരിപാടി<br>• ജൈവ വൈവിധ്യപാർക്ക്<br>• ഐ.ടി. പരിശീലനം<br>• അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>• ഒന്നാം ക്ലാസ്സ് ഒന്നാംതരം<br>• പാവനാടക പരിശീലനം/ശില്പശാല<br>• ഒറിഗാമി ശില്പശാല<br>• ബാല<br>• കായിക പഠനം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ<br>• റേഡിയോ GMLPS<br>• വിഷൻ GMLPS |

## മികവിനായി ഏറ്റെടുക്കേണ്ട ഭൗതിക പ്രവർത്തനങ്ങൾ കാലയളവനുസരിച്ച്

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| • ചിത്രരചന<br>• ജന്മദിനത്തിനൊരു പുസ്തകം | • മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ടോയിലറ്റ്<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• എന്റെ ചെടി എനിക്കും പറയാനുണ്ട്<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക്മേള | • ചുറ്റുമതിൽ, ഗേറ്റ്<br>• കളിസ്ഥലം<br>• ചിൽഡ്രൻസ് പാർക്ക്<br>• ക്ലാസ്സ് മുറികൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് മുറി<br>• വിശ്രമമുറി<br>• കമ്പ്യൂട്ടർ റൂം<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം |

## മികവിനായി ഏറ്റെടുക്കേണ്ട സാമൂഹിക പ്രവർത്തനങ്ങൾ കാലയളവനുസരിച്ച്

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| • പി.ടി.എ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി, എസ്.ഡി.സി കാര്യക്ഷമമാക്കൽ<br>• എസ്.എസ്.ജി<br>• എൽ.എസ്.ജി ബന്ധം<br>• ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ | • വിദ്യാലയ മികവുകൾപൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയവിഭവങ്ങൾ സമൂഹത്തിന് കൂടിപ്രയോജനപ്പെടുത്തൽ<br>• റിസോഴ്സ് മാപ്പിംഗ്<br>• പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കംമ്പ്യൂട്ടർപരിശീലനം<br>• പഠനക്കൂട്ടം<br>• പ്രാദേശിക പി.ടി.എ<br>• ഭവന സന്ദർശനം | • വിദ്യാലയ വികസനസമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥശാലകൾ, ക്ലബുകൾ,സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ,പൂർവ്വാധ്യാപകർ, സഹകരണസ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |

## മോണിറ്ററിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി(പി.ടി.എ.,എം.പി.ടി.എ. ,എസ്.എസ്.ജി., എസ്.ആർ.ജി., ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം. / പ്രിൻസിപ്പാൾ, എസ്.ആർ.ജി. കൺവീനർ, പി.ടി.എ.പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്.ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.